**ശ്രദ്ധക്ഷണിക്കൽ**

**ജലക്ഷാമം**

ശ്രീ. ബി.ഡി. ദേവസ്സി: സർ, കേരള ഷോളയാർ, പെരിങ്ങൽക്കുത്ത് എന്നീ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളിലെ ഇലക്ട്രിസിറ്റി ഉൽപ്പാദനത്തിനു ശേഷം വിടുന്ന ജലം തുമ്പൂർമുഴിയിലെ തടയണ വഴി വലതുകര, ഇടതുകര കനാൽ ശൃംഖലകളിലൂടെ തിരിച്ചുവിട്ട് ജലവിതരണം നടത്തുന്ന പദ്ധതിയാണ് ചാലക്കുടി റിവർ ഡൈവർഷൻ സ്കീം. തൃശ്ശൂർ, എറണാകുളം ജില്ലകളിലായി 380 കിലോമീറ്റർ നീളത്തിൽ ചാലക്കുടി, പുതുക്കാട്, കൊടുങ്ങല്ലൂർ, ഇരിഞ്ഞാലക്കുട. അങ്കമാലി എന്നീ അഞ്ച് നിയോജക മണ്ഡലങ്ങളിലെ 18 പഞ്ചായത്തുകളിലും ചാലക്കുടി, അങ്കമാലി മുനിസിപ്പാലിറ്റികളിലുമായി മൊത്തം 14,142 ഹെക്ടർ ആയക്കെട്ട് പ്രദേശത്ത് ഈ കനാലുകളിലൂടെ വെള്ളം നൽകി വരുന്നു. ഈ പ്രദേശങ്ങളിൽ 1196 ഹെക്ടർ പ്രദേശത്ത് നെൽകൃഷിയും 3642 ഹെക്ടർ പ്രദേശത്ത് ജാതി, 8174 ഹെക്ടർ പ്രദേശത്ത് തെങ്ങ്, കവുങ്ങ്, പച്ചക്കറി എന്നിവയും കൃഷി ചെയ്തു വരുന്നു. കൂടാതെ ഈ പ്രദേശങ്ങളിലെ വിവിധ കുടിവെള്ള പദ്ധതികൾക്കും ശുദ്ധജല സ്രോതസ്സുകൾക്കും ഈ കനാലുകൾ വഴിയുള്ള ജലവിതരണം അത്യന്താപേക്ഷിതമാണ്. 1957-ൽ ഭാഗികമായും

1966-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ കനാലുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപണികൾക്കും ലഭിക്കുന്ന ഫണ്ട് സമാന പദ്ധതികളെ അപേക്ഷിച്ച് വളരെ കുറവായതുകാരണം സംവഹന ശേഷിയുടെ ക്ഷമത കുറഞ്ഞു വരികയാണ്. വാർഷിക പദ്ധതിയുടെ ഫണ്ടിന്റെ ലഭ്യത കൂട്ടി പദ്ധതിയുടെ അടിസ്ഥാന സൗകര്യ സംരക്ഷണവും കാര്യക്ഷമതയും ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇടമലയാർ ഇറിഗേഷൻ പ്രോജക്ടും ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം ഇടതുകര കനാലുമായി ബന്ധിപ്പിക്കുന്ന ലിങ്ക് കനാലിന്റെ സ്ഥലമെടുപ്പ് പൂർത്തീകരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടികൾ ആവശ്യമാണ്. 25 വർഷങ്ങൾക്കു മുൻപ് നിർമ്മിച്ച CADA കനാലുകൾ തകർന്ന് ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ഇവ പുനരുദ്ധരിച്ച് ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കണം. കനാൽ സ്ഥലങ്ങളുടെ കയ്യേറ്റം ഉൾപ്പെടെയുള്ള അനധികൃത പ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തുന്നതിനും തടയുന്നതിനും ആവശ്യമായ കനാൽ വാച്ചർമാരുടെ എണ്ണം കുറഞ്ഞ് ഇല്ലാതെയായിക്കൊണ്ടിരിക്കുകയാണ്. ഇവരുടെ നിയമന കാര്യത്തിലും സർക്കാരിന്റെ അനുകൂല തീരുമാനം ഉണ്ടാകേണ്ടതുണ്ട്. പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം എല്ലാ വർഷവും ഫെബ്രുവരി 1-നും

സെപ്റ്റംബർ 1-നും കേരള ഷോളയാർ പൂർണ്ണമായും നിറച്ചു തരുന്നതിന് തമിഴ്നാട് സർക്കാർ ബാധ്യസ്ഥരാണ്. എന്നാൽ കരാർ കൃത്യമായും തമിഴ്നാട് പാലിക്കാത്തത് വരൾച്ചയുടെ ഈ സമയത്ത് വലിയ പ്രത്യാഘാതം സൃഷ്ടിക്കുന്നുണ്ട്. 2663 അടിയിൽ നിർത്തേണ്ടിയിരുന്ന ഷോളയാറിലെ ജലനിരപ്പ് ഈ വർഷം ഫെബ്രുവരി 1-ന് 2643 അടി മാത്രമാണ് ഉണ്ടായിരുന്നത്. 20 അടിയോളം കുറവാണ്. 1.80 ദശലക്ഷം ഘനമീറ്റർ വെള്ളം ദിനംപ്രതി വേണ്ട സ്ഥാനത്ത് ഒരു ദശലക്ഷം ഘനമീറ്റർ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇക്കാര്യത്തിലും സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടൽ ഉറപ്പു വരുത്തേണ്ടതുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.-യിൽ നിന്നും ജലവിതരണത്തിന് ഒരു സ്റ്റഡി ഫ്ലോ നിലനിർത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ തുമ്പൂർമുഴി ഡൈവർഷൻ സ്കീമിന് മുകളിലായി ഒരു സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

വാർഷിക പദ്ധതിയുടെ ഫണ്ടിന്റെ ലഭ്യത കൂട്ടി അടിസ്ഥാന സൗകര്യ സംരക്ഷണവും അറ്റകുറ്റപ്പണികളും കാര്യക്ഷമതയും ഉറപ്പു വരുത്തുക, ഇടമലയാർ ഇറിഗേഷൻ പ്രോജക്ടും ചാലക്കുടി റിവർ ഡൈവർഷൻ സ്കീമും ഇടതുകര കനാലുമായി ബന്ധിപ്പിക്കുന്ന ലിങ്ക് കനാലിന്റെ സ്ഥലമെടുപ്പ് പൂർത്തീകരിച്ച്

പദ്ധതി പൂർത്തീകരിക്കുക, തകർന്ന ഉപയോഗശൂന്യമായ CADA കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തരമായി നടപ്പാക്കുക, കനാൽ സംരക്ഷണത്തിനായി നിശ്ചയിച്ചിട്ടുള്ള വാച്ചർമാരുടെ എണ്ണം വർദ്ധിപ്പിക്കുക, പറമ്പിക്കുളം - ആളിയാർ കരാർ അനുസരിച്ചുള്ള ജലലഭ്യത ഉറപ്പു വരുത്തുക, പെരിങ്ങൽക്കുത്തിൽ നിന്നുള്ള കെ.എസ്.ഇ.ബി.-യുടെ പവർ ജനറേഷൻ ക്രമീകരിച്ച് ജലവിതരണത്തിന്റെ സ്റ്റഡി ഫ്ലോ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുക, തുമ്പൂർമഴി റിവർ ഡൈവർഷൻ സ്കീമിന് മുകളിലായി ഒരു സ്റ്റോറേജ് ഡാം നിർമ്മിക്കുക എന്നീ കാര്യങ്ങളിലേയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

**ജലക്ഷാമം**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. നേരത്തെ നിരവധി തവണ നേരിട്ടും ഡിപ്പാർട്ടുമെന്റ് തലത്തിലും ആവശ്യപ്പെട്ട കാര്യമാണ് ഇപ്പോൾ ശ്രദ്ധക്ഷണിക്കലിലൂടെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിൽ വരുന്ന തൃശ്ശൂർ, എറണാകുളം ജില്ലകളിലെ അങ്കമാലി, ചാലക്കുടി എന്നീ രണ്ട്

മുനിസിപ്പാലിറ്റികളിലും എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി, കാലടി, മഞ്ഞപ്ര, അയ്യമ്പുഴ, തുറവൂർ, കറുകുറ്റി, മൂക്കന്നൂർ, പാറക്കടവ്, കൂടാതെ തൃശ്ശൂർ ജില്ലയിലെ പരിയാരം, കോടശ്ശേരി, മറ്റത്തൂർ, കൊടകര, മാള, അന്നമനട, കൊരട്ടി, മേലൂർ, ആളൂർ, മുരിയാട് എന്നീ പതിനെട്ട് പഞ്ചായത്തുകളിലുമായി വരുന്ന കനാലുകളിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വലിയ തോതിൽ കയ്യേറ്റം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അതിലെ ബഹുഭൂരിപക്ഷം സ്ഥലങ്ങളും ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. മുനിസിപ്പാലിറ്റിയും പഞ്ചായത്തും മുഖേന അവിടെയുള്ള ആളുകളെ ഒഴിപ്പിക്കുമ്പോൾ പുനരധിവസിപ്പിക്കേണ്ട ഒരു ഉത്തരവാദിത്തം കൂടി വരുന്നുണ്ട്. അതുംകൂടി പരിഗണിച്ചുകൊണ്ടു മാത്രമേ കയ്യേറ്റം ഒഴിപ്പിക്കാൻ കഴിയൂ എന്നത് പ്രായോഗിക തലത്തിലൊരു ചിത്രമായി നിൽക്കുകയാണ്. എന്നാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പുതിയ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കാൻ, എങ്ങനെ നിലവിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് മനുഷ്യത്വപൂർണ്ണമായ ഒരു സമീപനം നൽകി അവരെ ഒഴിപ്പിക്കാൻ കഴിയുമെന്നും അതോടൊപ്പം തന്നെ ഒരു രൂപത്തിലും പുതിയ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ശ്രദ്ധയ്ക്ക് കനാൽ വാച്ചർമാരുടെ തസ്തിക ഒഴിഞ്ഞു

കിടപ്പുണ്ടെങ്കിൽ അത് നികത്തുന്നതിനും വലിയ ശ്രദ്ധ നടത്തുന്നതാണ്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വാർഷിക പദ്ധതിയുടെ തുകയുടെ കുറവാണ്. ഡൈവർഷൻ സ്കീമിനുവേണ്ടി ഓരോ വർഷവും ലഭിക്കുന്ന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം സുഗമമാക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷം ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിനുവേണ്ടി 1,80,00,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുക തുക ഉപയോഗപ്പെടുത്തി കനാലുകളുടെ സാധ്യമായ അറ്റകുറ്റപണികൾ നടത്തി ജലവിതരണം സുഗമമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, വരും വർഷങ്ങളിൽ കൂടുതൽ തുക ലഭ്യമാക്കുന്നതിനുള്ള പരിശ്രമം നടത്തുകയാണ്.

എല്ലാവർക്കും അറിയാവുന്നതുപോലെ ഈ നടപ്പു ജലവർഷത്തിൽ പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർ പ്രകാരം ലഭിക്കേണ്ട ജലം തമിഴ്നാട് ലഭ്യമാക്കാത്ത സാഹചര്യമുണ്ടായി. ആ സാഹചര്യത്തിൽ പറമ്പിക്കുളം - ആളിയാർ പദ്ധതിയുടെ മേൽനോട്ടം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ പാലക്കാടും

അതോടൊപ്പം തന്നെ സർക്കാരും എന്റെ തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തലത്തിലും ശക്തമായ ഇടപെടലുകൾ നിരന്തരം നടത്തിക്കൊണ്ടിരുന്നു. അവിടേയ്ക്ക് അയച്ച കത്തുകളുടെ ഒരു നീണ്ട പട്ടികയുണ്ട്. സമയക്കുറവുമൂലം ഞാൻ ഇപ്പോൾ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ തമിഴ്നാട് മന്ത്രിക്കും തമിഴ്നാട് മുഖ്യമന്ത്രിക്കും കേന്ദ്ര ഗവൺമെന്റിനുമൊക്കെ കത്തയച്ചു. പിന്നെ സമ്മർദ്ദവും ചെലുത്തി. സെക്രട്ടറി തല യോഗം നടന്നു. അത്യാവശ്യമായി ചില സമയത്ത് നമുക്ക് ജലം ലഭിച്ചു. പൂർണ്ണമായി ലഭിച്ചിട്ടില്ല. വളരെ കുറവാണ് ഉണ്ടായിട്ടുള്ളത്. എന്നാൽപോലും ചില അടിയന്തര ഘട്ടങ്ങളിൽ ഇടപെടൽ നടത്തിയതുകൊണ്ട് കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ വെള്ളം തരുന്ന സ്ഥിതിയുണ്ടായി. കേരള ഷോളയാർ സെപ്റ്റംബർ 1-ന് പൂർണ്ണ ജലനിരപ്പായ 2663-ൽ എത്തിക്കുന്നതിന് പകരം 2658 മാത്രമേ എത്തിയുള്ളൂ. ഫെബ്രുവരിയിൽ 2643 മാത്രമേ എത്തിയുള്ളൂ. ഇത് നമ്മുടെ വിതരണത്തെ കാര്യമായി തടസ്സമാക്കിയിട്ടുണ്ട്. പി.എ.പി. കരാർ പ്രകാരം ലഭിച്ച വെള്ളം കുടിവെള്ളത്തിന് മുന്തിയ പരിഗണന കൊടുത്ത് വിതരണം ചെയ്യാനാണ് ശ്രമിച്ചിട്ടുള്ളത്. നമ്മുടെ മൂലത്തറ വലതു കനാൽ വഴി കോരയാറിലെ 18 തടയണകളിൽ 14 എണ്ണവും കൊഴിഞ്ഞാമ്പാറ

പഞ്ചായത്തിലെ പ്രധാന ജലസംഭരണികളായ താമരക്കുളം, വലിയേരി, ചാമനേരി എന്നിവയും നിരവധി ചെറു കുളങ്ങളും എരുത്തേൻപതി പഞ്ചായത്തിലെ ചെറുതും വലുതുമായ നിരവധി കുളങ്ങളും നിറച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള ജലം വിട്ടു തരാതിരുന്നതുകൊണ്ട് ജലത്തിന്റെ വലിയ പ്രയാസം ഇത്തവണ ഉണ്ടായി.

അവിടെ ഒരു ഡാം പണിയണമെന്നും മറ്റുചില സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും ഇക്കാര്യങ്ങൾ സംബന്ധിച്ച് ഒരു പ്രത്യേക യോഗം വിളിച്ചു ചേർക്കണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ബി. ഡി. ദേവസ്സിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ മറ്റു ചിലരും ചേർന്ന് ഒരു കത്ത് നൽകിയിട്ടുണ്ട്. അത്തരത്തിൽ ഒരു യോഗം വിളിച്ചുകൂട്ടി ഗവൺമെന്റ് വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഇടമലയാറിലെ ലിങ്ക് കനാലിന്റെ പണി പൂർത്തീകരിച്ചു കഴിഞ്ഞാൽ വലതുകര കനാലിൽക്കൂടി കൂടുതൽ വെള്ളം വിടാനും ഈ കനാൽ വെള്ളത്തിന്റെ ലഭ്യത കൂടുതൽ ഉറപ്പു വരുത്താനും കഴിയും. അതിനാവശ്യമായ നടപടി പൂർത്തീകരിക്കാൻ കഴിയുമോ; ഒരു കിലോമീറ്ററാണ് ഇനി ഏറ്റെടുക്കാനുള്ളത്. ബാക്കി മൂന്നേമുക്കാൽ കിലോമീറ്റർ നിലവിലുള്ള

കനാലിന്റെ വീതി കൂട്ടലാണ്. ആദരണീയനായ എ.പി. കുര്യൻ എം.എൽ.എ. ആയി പ്രവർത്തിക്കുമ്പോഴാണ് ഈ പദ്ധതി ആരംഭിച്ചത്. ഏകദേശം പത്ത് മുപ്പത്തഞ്ച് വർഷങ്ങളായി. ഇത് പൂർത്തീകരിച്ചു കഴിഞ്ഞാൽ ഈ കനാലിലൂടെ കൂടുതൽ വെള്ളം കിട്ടാൻ സാധ്യതയുണ്ട്. അതിന്റെ സ്ഥലമെടുപ്പ് പൂർത്തീകരിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രവൃത്തികൾ അതിന്റെ ഫീസിബിലിറ്റി, എസ്റ്റിമേറ്റ്, സാധ്യത എന്നിവ അടക്കമുള്ള കാര്യങ്ങൾ നേരത്തെ പറഞ്ഞ യോഗത്തിൽവച്ച് ചർച്ച ചെയ്ത് ആവശ്യമായ തീരുമാനമെടുക്കാം.